# നേഴ്സുമാർക്കുള്ള പ്രാർത്ഥന

രോഗികളെ ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്ത എന്റെ ഈശോയെ, എന്റെ ശുശ്രൂഷയിലുള്ള രോഗികളുടെമേൽ കരുണയായിരിക്കണമെ. അവരോട് സ്നേഹത്തോടും ക്ഷമയോടും കൂടി വർത്തിക്കുവാൻ എന്നെ ശക്തയാക്കണമെ. ഞാൻ കൊടുക്കുന്ന മരുന്നുകളും ഉപയോഗിക്കുന്ന വൈദ്യോപകരണങ്ങളും അങ്ങയുടെ തിരുരക്തത്താൽ പൊതിഞ്ഞ് സൗഖ്യദായകമാക്കി മാറ്റണമെ. അങ്ങയെ സ്തുതിച്ചുകൊണ്ട് ഓരോ രോഗിയെയും ശുശ്രൂഷിക്കുവാനുള്ള  കൃപ തരികയും അങ്ങ് അവരെ വേഗത്തിൽ സുഖപ്പെടുത്തുകയും ചെയ്യണമെ. ഈ പ്രാർത്ഥന ഇടവക കൂട്ടായ്മ യുടെ നിയോഗത്തോടുകൂടി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ആമ്മേൻ.

Church of Our Lady of Fatima, Okhla, New Delhi-25